(ഡി) സംസ്ഥാനത്തെ വാണിജ്യ സംരംഭകത്വ പരിശീലനത്തിനും മാനേജ്മെന്റ് പഠനത്തിനുമായി നടപ്പിലാക്കിയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീടെയ്ൽ മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ഇ) സംസ്ഥാന സർക്കാരിന് പുറമേ ഏതൊക്കെ വ്യവസായ-വാണിജ്യ സംഘടനകളുടെ പങ്കാളിത്തം ഈ സംരംഭത്തിന് ലഭ്യമാക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി വിവിധ ജില്ലകളിൽ വ്യവസായ മേളകൾ സംഘടിപ്പിച്ചുവരുന്നു. വ്യവസായ വാണിജ്യ വകുപ്പ് commerce and service led growth strategy for Kerala എന്ന വിഷയത്തെ ആസ്പദമാക്കി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ രജിസ്ട്രേഷൻ വ്യവസായ വകുപ്പ് വഴിയാണ് നടപ്പിൽ വരുത്തുന്നത്.

(ബി) വാണിജ്യ മേഖലയുടെ വികസനത്തിനായി വാണിജ്യമിഷൻ എന്നപേരിൽ ഒരു സംരംഭം സർക്കാർ ആരംഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സംസ്ഥാനത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയ്ൽ മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

അന്യസംസ്ഥാന ലോട്ടറികളും വ്യാജ ലോട്ടറികളും വിൽപന നടത്തുന്നതിനെപ്പറ്റിയുള്ള അന്വേഷണം

112 (1697) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യസംസ്ഥാന ലോട്ടറികളും വ്യാജ ലോട്ടറികളും വിൽപ്പന നടത്തുന്നതിനെപ്പറ്റിയുള്ള അന്വേഷണത്തിന് സി.ബി.ഐ.-യെ ചുമതലപ്പെടുത്തുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാനത്തെ എം. പി. മാരോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ; ആവശ്യപ്പെട്ടെങ്കിൽ എന്നാണ് ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാന ലോട്ടറികളുടെ അനധികൃത വിൽപന, നിയമ ലംഘനം തുടങ്ങിയ നടപടികൾ നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയം എം.പി.മാരുടെ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly